
ലിറ്റിൽ ഫ്ളാഷ്
LMS.HSS.വട്ടപ്പാറ

# ആശംസ



വിദ്യാഭ്യാസത്തിൽ സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തെ പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് വട്ടപ്പാറ എൽ.എം.എസ്.ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ യൂണിറ്റിലൂടെ സാധിക്കും എന്നതിൽ നമുക്ക് അഭിമാനിക്കാം .

ലിറ്റിൽ കൈററ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

മിനി .S

ഹെഡ് മിസ്ട്രസ്സ്



# ആശംസ



സി.എസ്.ഐ.ദക്ഷിണ കേരള മഹായിടവക വട്ടപ്പാറ എൽ.എം.എസ്.ഹയർ സെക്കന്ററി സ്കൂളിന്റെ പേരിൽ അദ്ധ്യയനവർഷം ലിറ്റിൽ കൈറ്റ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു.

സാങ്കേതിക വിജ്ഞാനത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തി ഭാരതത്തിന്റെ മൊത്തത്തിലുള്ള വികസനത്തിൽ പങ്കാളികളാകാൻ കരുത്തുറ്റ തലമുറയെ വാർത്തെടുക്കാനുതകുന്ന കർമ്മപരിപാടികളുമായി മുന്നേറികൊണ്ടിരിക്കുന്ന എൽ.എം.എസ്.ഹയർ സെക്കന്ററി സ്കൂളിന് എന്റെ അഭിനന്ദനങ്ങൾ

ജസ്റ്റിൻ ജയകുമാർ . ജെ

പ്രിൻസിപ്പാൾ

# ആശംസ



ശാസ്ത്രത്തിന്റെയും നമ്മുടെ നിത്യജീവിത ത്തിന്റെയും എല്ലാ മേഖലകളിലും വിവരവിനിമയ സാങ്കേതിക വിദ്യ വിപുലവും വിസ്മയകരവുമായ മാറ്റങ്ങൾ വരുത്തി . നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചു യർത്താൻ വട്ടപ്പാറ എൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് കഴിയട്ടെ.

നമ്മുടെ കൊച്ചു കൂട്ടുകാർ തയ്യാറാക്കിയ ഇ-മാഗസിനു എല്ലാവിധ ആശംസകളും നേരുന്നു.



സ്റ്റാൻലി.ടി

പി.ടി.എ.പ്രസിഡന്റ്

# ആശംസ



ഇന്റർനെറ്റിന്റെ സഹായത്താൽ നാമിന്ന് ലോകത്തെ കൈപ്പിടിയി ലൊതുക്കിയിരിക്കുകയാണ്. വായനയെയും എഴുത്തിനേയും സമൂഹത്തേയും സ്നേഹിക്കുന്നതു കൊണ്ടാണ് നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇത്തരത്തിൽ പ്രതികരിക്കാനായത് .

ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കുന്നതിന് പ്രയത്നിച്ച ഷീനടീച്ചറിനും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ......

സുഹിതകുമാരി എം.എൽ
സീനിയർ അസിസ്റ്റന്റ്



# ആശംസ



കാലപ്രവാഹത്തിനൊപ്പം നാമും യാത്രചെയ്യുന്നു. ഈ ഡിജിറ്റൽ യുഗത്തിൽ വട്ടപ്പാറ എൽ.എം.എസ്.ഹയർ സെക്കന്ററി സ്കൂൾ ഒരു ഇ-മാഗസിൻ തയ്യാറാക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ഈ സംരംഭം ഏറ്റെടുത്ത് വിജയപ്രദമാക്കിയ ലിറ്റിൽ കൈറ്റ് കുട്ടി കൂട്ടത്തിനു എല്ലാ ആശംസകളും നേർന്നു കൊണ്ട്.....

സ്നേഹത്തോടെ....

ഷീബ. ആർ.ബി.

സ്റ്റാഫ് സെക്രട്ടറി



# ആശംസ



വിവരവിനിമയ സാങ്കേതിക വിദ്യയുടെ മുന്നേറ്റം അസാധ്യമായെണ്ണിയിരുന്ന പലതിനെയും സാധ്യമാക്കി യിരിക്കുന്ന പുത്തൻ സാങ്കേതിക വിദ്യയുടെ ഫലമായി ക്ളാസ്സുമുറികൾ ഹൈടെക് ക്ളാസ്സ് മുറികളായി മാറികൊണ്ടിരിക്കുന്നു. ഈ മാറ്റത്തിനൊത്ത പുതുതലമുറ യുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്ന തിനായി ലിറ്റിൽ കൈറ്റ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മയിലൂടെ കഴിയുന്നു എന്നതിൽ അഭിമാനമുണ്ട്.

ലിറ്റിൽ ഫ്ളാഷ് എന്ന പേരിൽ കുട്ടികൾ പുറത്തിറക്കുന്ന ഈ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.

ഷീനഹെലൻ ടി.എൽ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്



# എഡിറ്റോറിയൽ

പ്രിയപ്പെട്ട കൂട്ടുകാരെ,

എത്ര മികച്ച സ്കൂളും അദ്ധ്യാപകരും ഉണ്ടായാലും, മൂല്യമുള്ള ധാരാളം പുസ്തകശേഖരം ഉണ്ടായാലും ഒരാളുടെ വിദ്യാഭ്യാസം പൂർണമാകണമെങ്കിൽ മനുഷ്യത്വത്തിന് വിലകല്പിക്കുന്ന നന്മയുടെ പാഠങ്ങളിലേക്ക് നാം ഇറങ്ങി ചെല്ലുമ്പോഴാണ്. ...

കരയുന്നതും.... ചിരിക്കുന്നതും.... പരിഭവിക്കുന്നതും..... പഠനത്തിന്റെ ഭാഗമാണ്.......


ജീവിതത്തിന്റെ യഥാർത്ഥ പാഠം.....

അതൊന്ന് രേഖപ്പെടുത്താം ഇവിടെ....

അക്ഷരത്തിന്റെ സഹായത്തോടെ മനസൊന്നു തുറക്കാം....ഈ പുത്തൻ കാലഘട്ടത്തിലെ സാങ്കേതിക വിദ്യ ഉപയോഗിച്ച് തന്നെ.....

ഇതിനായി സഹായിച്ച എല്ലാവർക്കും ആത്മാർത്ഥമായ നന്ദി അർപ്പിച്ചു കൊണ്ട് സമർപ്പിക്കട്ടെ.....

ആർദ്ര എസ്.ആർ
എഡിറ്റർ



# നുറുങ്ങു കവിതകൾ



## മടിത്തട്ട്

മടിത്തട്ടിൽ ശയിക്കുമ്പോഴേ
അമ്മതൻ നെഞ്ചോടമരാനാവു
വയറിൻ വിശപ്പകറ്റാനാവു
മനവും ചങ്കും ഒന്നാകു
മനനൊമ്പരവുമൊപ്പാനാവു



## അമ്മ

സ്നേഹമാണെന്റെ മനസ്സാണ്
ദിവ്യമധുരമാണ് അമൃതാണ്
ക്ഷമ ദൈവമാണ് പുണ്യമാണ്
നഷ്ടപ്പെടുത്തരുതൊരുനാളും

## ചന്ദ്രക്കല

നിലാവിൻ നിറ സമുദ്രത്തിൽ
നീന്തിത്തുടിക്കും ചന്ദ്രക്കല
മേഘവാഹനത്തിലേറി എങ്ങോട്ടാ
ഞാനും കൂടി പോന്നോട്ടേ ?



# മനസ്സ്

മനസ്സ് ഒരു ചില്ലുപാത്രം പോലെയാണ്.ഒരു ചില്ലുപാത്രം നമ്മുടെ അശ്രദ്ധ മൂലം പൊട്ടുന്നതെങ്ങനെയാണോ അതുപോലെയാണ് മനസ്സിലെ നമ്മുടെ അഹങ്കാരവും അശ്രദ്ധയും മൂലമത് പൊട്ടിത്തകരുന്നു. മനസ്സിന്റെ നിയന്ത്രണം മനുഷ്യന്റെ കൈകളിലാണ്. അതു കൈവിട്ടുപോകുമ്പോൾ ഒൻപത് മൂല്യങ്ങളും നഷ്ടപ്പെടുന്നു. അതായത് സ്നേഹം ,സന്തോഷം ,സമാധാനം , ദീർഘക്ഷമ,ദയ ,പരോപകാരം,വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, എന്നിവ ന,ഷ്ടപ്പെടുമ്പോൾ മനുഷ്യമനസ്സ് ക്രോധം , ലോഭം, മോഹം, മദം,മത്സരം ,എന്നിവ കൊണ്ട് നിറയുന്നു. ആരാണ് മാനുഷിക മൂല്യങ്ങൾ ചോർന്ന് പോകാതെ സംരക്ഷിക്കുന്നത് അവർക്ക് ജീവിതത്തിലൊരിടത്തും പരാജയമുണ്ടാവില്ല. മനസ്സു മലിനമാകുന്നതിനു കാരണം മനുഷ്യൻ തന്നെയാണ്. മറ്റുള്ളവർക്കു നന്മ വരുന്നത് കാണുമ്പോൾ അസൂയ കൊണ്ട് തന്റെ മനസ്സ് മലിനമാകുന്നു. മനസ്സ് ഒരു സിന്ദൂര ചെപ്പ് പോലെയാണ്. അത് കൈവിട്ടു പോയാൽ അതിലെ സിന്ദൂരം തെറിച്ചു തറയിൽ പടരും . തറ വൃത്തികേടാകും . മനുഷ്യൻ വിവിധ പാപങ്ങളാൽ മനസ്സിനെ മാലിന്യമാക്കുന്നു.നദി മാലിന്യമാക്കുന്നതു

പോലെ മനുഷ്യ മനസ്സ് ദുഷ്ട ചിന്തകളാൽ മാലിന്യമാകുന്നു. മനസ്സിനെ സ്വയം കീഴടക്കുക ,മറ്റുള്ളവരെ കീഴടക്കാൻ അനുവദിക്കുകയുമരുത് . മനസ്സിൽ തോന്നിയത് അപ്പോൾ പറയുഞ്ഞു.. പക്ഷേ അത് വേണ്ടായിരുന്നു..എന്ന് ഇപ്പോൾ തോന്നുന്നു. എന്ന് പലരും പറയാറുണ്ട്. അത് കൊണ്ട് പെട്ടെന്ന് പ്രതികരിക്കേണ്ട , മനസ്സിന് നിയന്ത്രിച്ച് ചൊൽപ്പടിക്ക് നിർത്തി, ചിന്തിച്ച് സാവകാശം സംസാരിക്കാം .പിന്നെ ഒരിക്കലും പശ്ചാത്തപിക്കേണ്ടിവരില്ല.

# നുറുങ്ങു കവിതകൾ

## കാറ്റ്



വേദന കൊണ്ടു പുളയും നേരം
എന്നരികിൽ വരും മാതാവായ്
ഓളങ്ങൾക്കു സമം കുഴയും നേരം
എന്നെ തലോടിയ പിതാവെ
ആവേശമായ് ആശ്വാസമായ്
ആശിച്ചോട്ടെ എവിടെയുമെന്നെന്നും

## അസ്തമയം



സൂര്യൻ വിടവാങ്ങും നേരം
പക്ഷികൾ പാറി കൂട്ടിലേക്ക്
കൊക്കുകോഗിലങ്ങൾ
മയക്കത്തിലേക്കും
കുസുമങ്ങളോ വിടർന്നു
വിലസാനായൊരുക്കത്തിലും
സസ്യലതമൃഗാദികളെ
ഉറങ്ങൂ ഉണരാനായ്
ഞാനുമിതാ ഉണരാൻ ഉറങ്ങട്ടെ

## ഹൃദയം

അതവിടിരുന്നോട്ടെന്നും
കുത്തി കുത്തിക്കരയിക്കേണ്ട
ചിരിപ്പിച്ചോളൂ വേണ്ടുവോളം
സ്വസ്ഥത സമാധാനങ്ങൾ
നൽകി പുഷ്ടിപ്പെടുത്തീടാം



## സൂര്യ ദേവൻ



ഉഷസ്സായ് പ്രാർത്ഥനയായ്
പ്രസാദിച്ചിരിക്കുന്ന നിശ്ചയം
സ്വർണ്ണ ഖനികളെപ്പോലെ
പൊൻക്കതിർ നീട്ടി ച്ചിരിച്ചതാ
പകലോൻ പരത്തും പ്രകാശം

## നല്ല പൈതൽ

സുന്ദരിപ്പൂക്കൾ പോൽ മാനവ
ഉള്ളങ്ങളിൽ പൂക്കാം കായ്ക്കാം
ആരെയും നോവിക്കാതെ
അനുസരിക്കാം ബഹുമാനിക്കാം
അമ്മക്ക് താങ്ങായ് തണലായ്
അച്ഛന് അഭയമായ് ആശ്രയമായ്
അധ്യാപകർക്കഭിമാനമാകാം
അഖിലേശ്വരന് കീഴ്പ്പെട്ടിടാം



BY,

സോന. എസ്. ആർ
VII. C

©OnFocusMedia * illustrationsOf.com/34021

# <u>ഉറുമ്പും പുൽച്ചാടിയും</u>



ഒരിടത്തൊരി ത്തൊരു പുൽച്ചാടി ഉണ്ടായിരുന്നു. വേനൽക്കാലത്ത് പാട്ടും പാടി നടന്നു. ഈ സമയം ഒരു ഉറുമ്പ് എന്താ ചെയ്തതെന്നറിയണ്ടേ ? കിട്ടുന്ന ആഹാരം അത് എന്തായാലും ശേഖരിക്കും.




ഒരു ദിവസം ഉറുമ്പ് തന്നേക്കാൾ വലിയ കോതമ്പുമണിയും ചുമന്നു വരുന്നു. ഇതു കണ്ട പുൽച്ചാടി, "വരൂ നമുക്ക് പാട്ടു പാടി കളിക്കാം." "ഇപ്പോൾ ഭക്ഷണം ശേഖരിച്ചുവച്ചാൽ, മഴക്കാലത്ത് പട്ടിണി കിടക്കേണ്ടി വരില്ല. മടി കാട്ടാതെ അധ്വാനിക്കു." എന്ന ഉറുമ്പിന്റെ സംസാരം കേട്ട് തികച്ചും അരിശം വന്ന പുൽച്ചാടി ഉറുമ്പിന്റെ വാക്കുകൾ കേട്ടതായി പോലും

ഭാവിച്ചില്ല.



മഴക്കാലം തുടങ്ങി.

പുൽച്ചാടി വിശന്നു തളർന്നു. ഉറുമ്പിനോട് സഹായം അഭ്യർത്ഥിക്കാൻ തന്നെ തീരുമാനിച്ചു. പുൽച്ചാടി ഉറുമ്പിന്റെ വീട്ടിലേക്കു യാത്രയായി. ഉറുമ്പിനെ കണ്ട മാത്രയിൽ തന്നെ പുൽച്ചാടി ചോദിച്ചു, “എനിക്ക് കുറച്ചു ഭക്ഷണം തരാമോ? വിശന്നു വയ്യ.” തന്റെ വാക്കു കേൾക്കാത്ത പുൽച്ചാടിക്ക് ഒന്നും കൊടുക്കാൻ ഉറുമ്പിനു മനസ്സു വന്നില്ല. ഉറുമ്പു പറഞ്ഞു, “ അദ്ധ്വാനികികേണ്ട സമയം പാട്ടും പാടി നടന്ന നിനക്കു തരാൻ ഇവിടെ ഒന്നും തന്നെയില്ല .”ഉറുമ്പു വാതിലടച്ചു. പുൽച്ചാടി തന്റെ തെറ്റു മനസ്സിലാക്കി. പുൽച്ചാടിയുടെ നിസ്സഹായത മനസ്സിലാക്കിയ ഉറുമ്പ് തന്റെ ചങ്ങാതിയെ ഭക്ഷണത്തിനു ക്ഷണിച്ചു.



വീണ്ടും വേനൽക്കാലം ആഗതമായി. ഇരുവരും ഒന്നിച്ച് ഭക്ഷണം ശേഖരിക്കാൻ തുടങ്ങി. പിന്നെ അവർ നല്ല സുഹൃത്തുക്കളായ് നിലകൊണ്ടു.



നവ്യ

**IX D**

# മഴ



മഴ വന്നേ ഹാ മഴ വന്നേ
ചറപറ ചറപറ മഴ പെയ്യ്തേ
കുളത്തിൽ നിറയെ വെള്ളം നിറഞ്ഞേ
പുഴയിൽ നിറയെ വെള്ളം നിറഞ്ഞേ
തവളകളെല്ലാം പാട്ടും പാടി
ഒന്നായ് അവരും നൃത്തംവച്ചേ

മഴ വന്നേ ഹാ മഴ വന്നേ
കുട്ടികളെല്ലാം നൃത്തം വച്ചെ
മരങ്ങൾക്കെല്ലാം വെള്ളം ലഭിച്ചേ
മഴ വന്നേ ഹാ മഴവന്നേ
ചറപറ ചറപറ മഴ വന്നേ

വൈഷ്ണവി. S VI . A

# സഹായഹസ്തമായ കൈകൾ

അന്ന് രാത്രി പത്ത്മണിക്കാണ് അപ്പുവും അവന്റെ കൊച്ചനുജത്തി സീതയും അവരുടെ മാതാപിതാക്കളും ഉറങ്ങാൻ കിടന്നത്. നേരം ഒരുപാട് ഇരുണ്ടപ്പോയൾതൊട്ട് ഇടിയും മഴയും മിന്നലും നേരിയ രീതിയിൽ തുടർന്നു ഭയന്ന് അപ്പു അമ്മയുടേയും അനിയത്തിയുടേയും അടുത്തേക്ക് ചേർന്നുകിടന്നു. ആട്ടിൻ കുട്ടികളും തന്റെ തൊഴുത്തും ഒഴുകിപോകുന്നു എന്ന് അയൽക്കാരൻ ഉറക്കെ വിളിച്ചു പറഞ്ഞു. എല്ലാവരും ഉണർന്നു വന്നു അവിടെ വീടിന്റെ വെളിയിൽ തറയില്ലായിരുന്നു. വീടിന്റെ അകവും എല്ലാം വെള്ളം കൊണ്ട് നിറഞ്ഞിരുന്നു. അമ്മ കരയുന്നുണ്ടായിരുന്നു നമ്മുക്ക് നമ്മുടെ വീടിന് മുകളിൽ ചെന്നു നിൽക്കാമെന്ന് അമ്മ അച്ഛനോടായി പറഞ്ഞു. നമ്മൾ ഇത്രയും കാലം കഷ്ട്ടപ്പെട്ടതിനെയൊ ,പണമോ സമ്പാദ്യമോ ഒന്നും ഓർത്തായിരുന്നില്ല ഇനി ജീവിക്കാൻ ഒരുപാടുകാലമുള്ള ഞങ്ങളെ ഓർത്തായിരുന്നു അവർ കരഞ്ഞത്. മുകളിൽ പ്രതീക്ഷയുടെ അവസാന ഘട്ടത്തിൽ ഹെലിക്കോപ്റ്റർ എത്തി മറ്റെല്ലാവരേയും കൊണ്ടുപോകുകയാണ് എന്നാൽ നമ്മുക്ക് അഭയമായി മാറിയത് ബോട്ടായിരുന്നു. കയറുന്നതിനിടയിൽ അപ്പുവിന്റെ കാൽ ഇടറി വീണു പാതിനനഞ്ഞു എനിക്ക് പുതിയ ജീവൻ നൽകിയ ദൈവമായിരുന്നു ആ ബോട്ടിന്റെ ഡ്രൈവർ, അദ്ദേഹം ഒരു മത്സ്യതൊഴിലാളായായിരുന്നു.

നമ്മളെ സുരക്ഷിതമായി ദുരിതാശ്വാസക്യാമ്പിൽ എത്തിച്ചു. ഞാൻ എന്റെ നാടിനെ കുറിച്ച് കുറ്റബോധപ്പെടുന്ന ഒരു കാര്യമാണ് ഓഖി എന്ന വലിയ ദുരന്തം വന്നപ്പോൾ നാം ആരും മത്സ്യതൊഴിലാളികളെ സഹായിച്ചിരുന്നില്ല നമ്മുക്ക് തിരിച്ചടിതരാനുള്ളത് ദൈവത്തിന്റെ നല്ലതീരുമാനമെന്ന് അപ്പുവിന്റെ നിഷ്കളങ്കമായ മനസ്സ് ചിന്തിച്ചു. പ്രളയത്തിൽ മുങ്ങി എല്ലാം നഷ്ട്ടപ്പെട്ട ഞങ്ങൾക്ക് ധരിക്കുവാൻ ക്യാമ്പിൽ വസ്ത്രങ്ങളൊന്നും ലഭിച്ചില്ല. ലോകമെമ്പാടുമുള്ള ജനങ്ങൾ ഞങ്ങൾക്ക് ഒരുപാട് സഹായങ്ങൾ നൽകി. സൈനികർ മത്സ്യതൊഴിലാളികൾ ഇവരെല്ലാം കൈപിടിച്ചുകേറ്റിയ കേരളം എന്ന് പറയുന്നതാകും ശരി.

അതിനു ശേഷം ഉറങ്ങാൻ കിടന്നനേരം അവൻ ചിന്തിച്ചു ഈ പ്രശ്നത്തിൽ വലിയവനോ ചെറിയവനോ പണക്കാരനെന്നൊ ഒന്നുമില്ല മനുഷ്യൻ മാത്രം ,അവർ തനിക്ക് സഹായകരമായ കൈകളോട് നന്ദിതറഞ്ഞ് ഉറങ്ങാൻ തുടങ്ങി.



പാർവതി ആർ. ജെ നായർ

7.A

# വിദ്യാലയം




പോകുന്നു ഞങ്ങൾ വിദ്യാലയത്തിൽ
പഠിക്കാമാസ്വദിച്ചു പഠിക്കാം
നാട്ടും നഗരവും രാജ്യവും
പിന്നെ ലോകവുമറിയുന്നു
മലയാളത്തിലും ഇംഗ്ലീഷിലും
പിന്നെ രാഷ്ട്രഭാഷയിലും;
ഗണിതവും ശാസ്ത്രവും വേറെയും
കമ്പ്യൂട്ടർ ഗെയിമുകൾ ലാബിൽ;
പി.റ്റിക്കു കളിക്കാം ഗ്രൗണ്ടിൽ,
സർഗം പിരീഡിലോ വരക്കാ-
മെഴുതാം ആടാം കളിക്കാം
പാടിത്തിമിർക്കാം സംഗീതാധ്യാ-
പികക്കൊപ്പം പ്രവൃത്തി-
പരിചയം ബീന ടീച്ചറോടൊപ്പവും
പ്രഭാതത്തിലുമുച്ചക്കും വിശപ്പടക്കാം
ആഹാ ണിം ണിം വൈകുന്നേരം

സ്നേഹ ചന്ദ്രൻ . എ VIII .C

# വികൃതി കുട്ടൻ കുറുക്കൻ

ഒരു വികൃതി കുട്ടനാണ് മിട്ടു എന്ന കുറുക്കൻ. അവന് കാട്ടിൽ ഓടി കളിക്കാൻ വലിയ ഇഷ്ടമാണ്. മിട്ടുവിന്റെ ജേഷ്ഠനാണ് കിട്ടു. അവർ രണ്ടുപേരും കാട്ടിൽഓടി കളിക്കും. ഒരു ദിവസം മിട്ടു ഒരു കുസൃതി കാണിച്ചു. അവന്റെ അമ്മ അവനെ ഒരുപാട് വഴക്കുപറഞ്ഞു. എപ്പോഴും വികൃതി കാണിച്ചു നടന്നാൽ എല്ലാവർക്കും അത് ഇഷ്ടപ്പെടില്ല എന്ന് അവന്റെ അമ്മ പറഞ്ഞു. ആദ്യം അവൻ ആ വാക്കുകൾ അത്ര കാര്യമാക്കിയില്ല. പിന്നെ പിന്നെ അവനതു വ്യക്തമായി ത്തുടങ്ങി. അപ്പോളവന്റെ മനസ്സിലേക്ക് അമ്മയുടെ വാക്കുകൾ ഓടിയെത്തി ത്തുടങ്ങി.

അമ്മയുടെ വാക്കുകൾ അനുസരിക്കണമെന്ന് അവനു മനസ്സിലായി. അതുകൊണ്ട് അവൻ ഒരു തീരുമാനമെടുത്തു, "അമ്മ പറയുന്നതു കേട്ട് ഇനി ജീവിക്കും". എന്ന്.

BY,

വൈഷ്ണവി

VI A

# <u>അമ്മനാട്</u>

അമ്മയാണമ്മയാണെന്നമ്മ നാട്

നന്മകൾ ഒത്തുചേർന്നരുവായ നാട്

ഇതര ജാതികൾ ചേർന്നൊരു നാട്

എന്തൊരു വർണ്ണാഭ നാട്

ഭാരതമെന്നൊരൊറ്റ പേർ കേട്ടാൽ

ബഹുമാനാർദ്രമൊന്നു കാട്ടുക നാം

കോരിത്തിളക്കണം രക്തമറ്റൊന്നു നാം

ഞരമ്പു നാടികളൊന്നു ചലിക്കണം

ഭാരതമെന്ന മൂന്നക്ഷരത്തിൽ

ഐശ്വര്യ സമ്പൽ സമൃദ്ധി നിറയും

സ്വാതന്ത്ര്യദാഹം തീർന്ന നാമെന്നും

ഐക്യം പുലർത്തി ജീവിക്കണമെന്നും

**BY,**

**സോന. S. R**

**VIII. A**

# സിംഹവും പശുക്കളും



ഒരിക്കൽ ഒരു കാട്ടിൽ നാല് പശുക്കൾ താമസിച്ചിരുന്നു. അവർ ദിവസവും ഒരേ സ്ഥലത്തായിരുന്നു മേഞ്ഞിരുന്നത്. ഒരു ദിവസം ഒരു സിംഹം പശുക്കളെ ആക്രമിക്കാൻ വന്നു. നാല് പശുക്കളും ഒന്നായി എതിർത്തതിനാൽ സിംഹത്തിന് ഒന്നിനും കഴിഞ്ഞില്ല. ഒടുവിൽ സിംഹം സ്ഥലം വിട്ടു.

കുറച്ച് ദിവസങ്ങൾക്ക് ശേഷം പരസ്പരം പശുക്കൾ കലഹിച്ചു. അവർ കൂട്ടം തെറ്റി വേറെ വേറെ സ്ഥലങ്ങളിൽ മേയാൻ തുടങ്ങി. ഈ തക്കം നോക്കി ഓരോ പശുവിനെയും കൊന്നുതിന്നു സിംഹം.

വൈഷ്ണവി

# ഇന്ത്യയാം ഭൂമി



അമ്മയായ ഭൂമിയെ
നന്മയാകും ഭൂമിയെ
മക്കളായ ഞങ്ങളെ
കാത്തിടുന്ന ഭൂമിയെ
നന്മയിൽ ജയക്കൊടിയിൽ
ഉയർന്നു നിൽക്കും ഭൂമിയെ
തിന്മയാകും അന്ധതയിൽ
നിന്നു കാക്കും ഭൂമിയെ
രവീന്ദ്രനാഥടാഗോറിന്റെ
ഉയർന്നു നിൽക്കും ഭൂമിയെ
രാഷ്ട്രപിതാവാം മഹാത്മാവിന്റെ
ആമ്മയാകും ഭൂമിയെ
എന്നുമെന്നും നമ്മെ കാക്കും
ഭൂമിയായ ദൈവമേ
മക്കൾ ഞങ്ങൾ നിൻ വഴിയിൽ
വളർന്നിടുന്നു നിത്യവും

സോന. S. R
VII. C

shutterstock.com • 517492405

# തെജിമല

ഒരിക്കൽ കേദാപുരിഗ്രാമത്തിൽ ഒരു വ്യവസായി താമസിച്ചിരുന്നു. അയാൾക്ക് അതിസുന്ദരിയായ ഒരു മകളുണ്ടായിരുന്നു. തെജിമല എന്നായിരുന്നു അവളുടെ പേര്. അവൾ ജനിച്ചപ്പോഴെ അവളുടെ അമ്മ മരിച്ചുപോയതിനാൽ അവൾ രണ്ടാനമ്മയുടെ കീഴിലായിരുന്നു വളർന്നത്. അതുകൊണ്ടുതന്നെ മാതൃസേഹത്താൽ അവൾ രണ്ടാനമ്മയെ ഒരുപാട് സ്നേഹിച്ചിരുന്നു. എന്നാൽ അവർക്ക് അവളോട് വെറുപ്പായിരുന്നു. ഭർത്താവിന്റെ പണത്തിലുപരി അവർക്ക് വേറെയൊന്നുമില്ലായിരുന്നു. എന്നാൽ തെജിമലയുടെ അച്ഛന് രണ്ടാനമ്മയെ വളരെവിശ്വാസമായിരുന്നു.

ഒരിക്കൽ അച്ഛൻ കച്ചവടത്തിനായി ദൂരദേശത്തേക്ക് പോയി. മകളെ ഭര്യയുടെ കൈയ്യിൽ സുരക്ഷിതയാണെന്ന് കരുതി അച്ഛൻ യാത്രപുറപ്പെട്ടു. തെജിമലയുടെ കൂട്ടുകാരിയുടെ വിവാഹമായി, ആ വിവാഹത്തിനു പോകാൻ അവൾക്ക് ആഗ്രഹമുണ്ടായിരുന്നു. ഇക്കാര്യം ഇളയമ്മയോട് പറഞ്ഞപ്പോൾ അവർ സന്ദോഷംനടിച്ച് പോകാൻ പറഞ്ഞു. എന്നാൽ, സന്ദൊഷത്തിനുള്ളിൽ ഒരു ചതി ഒളിഞ്ഞിരുന്നത് തെജിമല അറിഞ്ഞിരുന്നില്ല. അവൾക്ക് വിവാഹത്തിനായി എടുത്തുവച്ച പുതിയ

വസ്ത്രത്തിൽ ഒരു എലിയെകൂടെ വെച്ച് പൊതിഞ്ഞു ,ആ പൊതി തെജിമലയുടെ കൈയ്യിൽ കൊടുത്തു. കല്യാണ ദിവസം മാത്രമേ പൊതിതുറക്കാവുയെന്ന് പറഞ്ഞു തെജിമലയേ യാത്ര അയച്ചു.

വിവാഹത്തിനായി കൂട്ടുകാരുടെ വീട്ടിൽ എത്തിയ തെജിമല വിവാഹ ദിവസം താൻ കൊണ്ടുവന്ന പൊതി നിവർത്തിനോക്കി. പെട്ടന്ന് അതിനകത്തെന്ന് ഒരെലി പുറത്തേക്ക് ചാടുന്നത് അവൾ കണ്ടു. അവൾ പെട്ടന്ന് അവളുടെ വസ്ത്രം എടുത്തുനോക്കി. വസ്ത്രം അത്രയും എലികരണ്ടിരിക്കുന്നത് കണ്ട് അവൾ സങ്കടപ്പെട്ടു. ഇതെല്ലാം കണ്ട കൂട്ടുകാരി അവളെ ആശ്വസിപ്പിച്ചു പുതിയ വസ്ത്രം നൽകി വിവാഹം കഴിഞ്ഞ് വീട്ടിൽ എത്തിയ തെജിമല ഇളയമ്മയോട് എല്ലാം പറഞ്ഞു. ഉടനേതന്നെ ഇളയമ്മ ദേശ്യം നടിച്ചു അവളെ അടിക്കുകയും ഉരൽപുരയിലേക്ക് കൊണ്ടു പോവുകയും നെല്ല്കുത്താൻ പറയുകയും ചെയ്തു. പാവം തെജിമല അവൾക്ക് നെല്ല്കുത്താൻ അറിയില്ലായിരുന്നു. അവിടെ ഉലക്കയില്ലാതിരുന്നതിനാൽ ഇളയമ്മ തെജിമലയോട് കാലുകൊണ്ടു നെല്ലുകുത്താൻ പറഞ്ഞു. അവളുടെ കാൽപൊട്ടി ചോര വന്നപ്പോൾ, അവളോട് കൈകൊണ്ടു നെല്ലുകുത്താൻ പറഞ്ഞു. അവളുടെ കൈകളും പൊട്ടി ചോര വന്നപ്പോൾ, അവളോട് തലകൊണ്ടു നെല്ലുകുത്താൻ

പറഞ്ഞു. ഒടുവിൽ അവൾ തലപൊട്ടി  മരിച്ചുവീണു. അവളെ അവിടെ നിന്നും വലിച്ചുനിരക്കി വീടിന്റെ പുറത്ത് ഒരുകോണിൽ കുഴിച്ചുമൂടി.

അടുത്ത ദിവസം നോക്കിയപ്പോൾ തെജിമലയെ കുഴിച്ചിട്ട സ്ഥലത്ത് ഒരു മത്തൻ ചെടി വളർന്ന് നിൽക്കുന്നത് അവർ കണ്ടു. ആ സമയം അതുവഴിവന്ന പിച്ചക്കാരി ആ മത്തങ്ങ പറിക്കാൻ നോക്കി. അവർ പറിക്കാനായി കൈനീട്ടിയതും ഒരു പാട്ട് കേട്ടു

“എന്നെ തൊടല്ലെ

പിച്ചക്കാരി..........

തെജിമലയാണേ

ഞാൻ..........

ഇളയമ്മയെന്നെ

ചതച്ചുകൊന്നു

എന്നെ തൊടല്ലെ പിച്ചക്കാരി

”

ഈ പാട്ടുകേട്ടതും പിച്ചക്കാരു പേടിച്ചോടി. ഉടനെ തന്നെ ഇളയമ്മ ആ മത്തൻ ചെടിവെട്ടി അപ്പുറത്തെ വിളയിൽ കൊണ്ടിട്ടു. ഉടൻതന്നെ ഒരു നെല്ലിമരം അവിടെ മുളച്ചുവന്നു. സ്കൂൾ കുട്ടികൾ നെല്ലിക്ക പറിക്കാൻ വന്നപ്പോൾ വീണ്ടും ഒരു പാട്ട് കേട്ടു

“എന്നെ തൊടല്ലെ

പിള്ളാരേ..........

തെജിമലയാണേ

ഞാൻ..........

ഇളയമ്മയെന്നെ

ചതച്ചുകൊന്നു

എന്നെ തൊടല്ലെ പിള്ളാരേ "

ഉടനെതന്നെ ആ നെല്ലിമരം വെട്ടിമുറിച്ച് ഇളയമ്മ ആറ്റിൽ ഒഴുക്കി. ആ മരകക്ഷണങ്ങൾ ഒഴുകി ഒഴുകി ഒരു സ്ഥലത്ത് വന്നടിഞ്ഞു. അവിടെ ഒരു മനോഹരമായ താമരപ്പൂ വിരിഞ്ഞുവന്നു. ആ സമയം കച്ചവടം കഴിഞ്ഞ് അത് വഴിവന്ന തെജിമലയുടെ അച്ഛൻ താമരപ്പൂവ് ഇഷ്ട്പ്പെട്ട് തന്റെ മകൾക്കു വേണ്ടി അത് പറിക്കാൻ വള്ളക്കാരനോട് ആവശ്യപ്പെട്ടു. അയാൾ പൂപറിക്കാൻ കൈനീട്ടിയതും ആ പഴയ പാട്ട് വീണ്ടും കേട്ടു

"എന്നെ തൊടല്ലെ

വള്ളക്കാരാ..........

തെജിമലയാണേ

ഞാൻ..........

ഇളയമ്മയെന്നെ

ചതച്ചുകൊന്നു

എന്നെ തൊടല്ലെ വള്ളക്കാരാ

"

ഇതുകേട്ട വള്ളക്കാരനും പേടിച്ചു. അപ്പോൾ തെജിമലയുടെ അച്ഛൻ ഒരു കൈയ്യിൽ മിഠായിയും ഒരു കൈയ്യിൽ

മുറുക്കാനുമായി പൂവിന്റെ അടുത്തുവന്നു. എന്നിട്ട്, പൂവിനോട് പറഞ്ഞു

നീ എന്റെ മകൾ

തെജിമലയാണെയങ്കിൽ

ഒരു കുരുവിയായി വന്ന് ഈ

മിഠായിതിന്നും

അല്ലെങ്കിൽ മുറുക്കാൻ

കൊത്തും.

ഉടൻതന്നെ ആ താമര ഒരു കുരുവിയായി വന്ന് മിഠായി തിന്നു. വിവരമെല്ലാം അറിഞ്ഞ അച്ഛൻ വീട്ടിൽവന്ന് ഭാര്യയോട് മകൾ എവിടേ എന്ന് ചോദിച്ചു. അവൾ കല്യാണ വീട്ടിൽ നിന്ന് മടങ്ങിവന്നില്ലായെന്ന് അവർ നുണ പറഞ്ഞു. അപ്പോൾ അച്ഛൻ കുരുവിയോട് ' നീ എന്റെ മകൾ തെജിമലയാണെങ്കിൽ സ്വന്തം രൂപം എടുക്കു ' എന്ന് പറഞ്ഞു. ഉടൻതന്നെ തെജിമല അവളുടെ സ്വന്തം രൂപത്തിൽ വന്നു. അവളുടെ അച്ഛൻ ഇളയമ്മയെ നാക്ക് മുറിച്ച് നാടുകടത്തി. അച്ഛൻ മകളുമായി സന്തോശത്തോടെ ജീവിച്ചു.



ശരണ്യ.എസ്.ആർ

10.B

# എന്തൊരു കാലമിതെന്തൊരു കോലം

നവ തലമുറ തന്നുടെ കാലമിത്
ഇളീന്നു പാന്റ്സിറങ്ങിയ കോലമിത്
ഡ്യൂക്കിൽ ചെത്തി നടക്കും പിള്ളേർ
പെണ്ണിനെ കണ്ടാൽ നിക്കും വണ്ടീൽ
ആണൊരുത്തലൻ ഒന്നു നോക്ക്യാൽ
പിന്നൊരു തെറ്റിദ്ധാരണ മുന്നിൽ
മറു ദിനവും അതേ ഡ്യൂക്കിൽ
അവളുടെ മനസ്സിൽ ഇടിമിന്നലോടി
ഡ്യൂക്കിൽ പാഞ്ഞു വന്ന ചേട്ടൻ
അവളെയും ഒന്നു കട്ടോണ്ടു പോയി
ഒടുവിലവളൊരു ജേതാവായി
ഒരു കുഞ്ഞു ട്രോഫിക്കുടമയുമായി
ചേട്ടൻ പറഞ്ഞു ബൈ മോളെ
മറ്റൊരു ശലഭത്തെ ഞാൻ തേടിടട്ടെ
അവളുടെ ചങ്കിനു മുറിവേറ്റപ്പോൾ
എക്സ്പയറി ഡേറ്റ് കഴിഞ്ഞതോർത്തു
നഷ്ടം പറ്റിയ ട്രോഫിക്കുഞ്ഞിന്
സമൂഹം ചാർത്തി ഒരു നല്ല പേര്
കാലത്തിന്റെ പോക്കൊന്നു നോക്കു

ഹൊ! എന്തൊരു കാലമിതെന്തൊരുകോലം



ആർദ്ര .എസ് .ആർ
VIII. C

# സ്വപ്നം


**രാ**ത്രിയുടെ നിബ്ദതയിൽ അവൾ ചുമരിലേക്ക് നോക്കി ചരിഞ്ഞു കിടന്നു. ഉറക്കം വരുന്നതേയില്ല. എല്ലാവരും ഉറങ്ങിക്കഴിഞ്ഞു. അച്ഛൻ, അമ്മ, ചേട്ടൻ. പക്ഷേ സ്വപ്നയ്ക്ക് മാത്രം ഉറക്കം വന്നില്ല. മെല്ലെ എഴുന്നേറ്റ് മുറിയിൽ ലൈറ്റിട്ടു. മേശപ്പുറത്ത് വച്ചിരുന്ന വെള്ളം കുടിച്ച് ദാഹമകറ്റി. എന്തെങ്കിലും വായിക്കാമെന്ന് കരുതി അലമാരയുടെ അരികിലെത്തി. ഏത് വായിക്കാൻ ? എല്ലാ പുസ്തകങ്ങളും വായിച്ച് കഴിഞ്ഞതാണ്. എങ്കിലും അതിൽ നിന്നും ഒരു പുസ്തകമെടുത്ത് കട്ടിലിൽ ചെന്നിരുന്നു.

അവളുടെ കൂട്ടുകാരി റെനി സമ്മാനിച്ചതായിരുന്നു ആ പുസ്തകം. താളുകൾ മറിച്ച് നോക്കിയതല്ലാതെ വായിക്കാൻ തോന്നിയില്ല. പുസ്തകം മടക്കി മാറിലേക്ക് വച്ച് കിടന്നു. അവളുടെ ചിന്തയിലേക്ക് ആ കൂട്ടുകാരിയെക്കുറിച്ചുള്ള ഓർമകൾ ഓടിവന്നു. സുന്ദരിയും ശാന്തശീലയും അതിനെക്കാളുപരി ധനാഢ്യയും ആയിരുന്നു അവൾ. പക്ഷേ ഒരിക്കലും അവളുടെ സമ്പത്ത് അവളെ അഹങ്കാരിയാക്കിയിരുന്നില്ല. എല്ലാവരോടും അവൾക്ക് സ്നേഹമായിരുന്നു. പഠിക്കാനും മിടുക്കി. കഴിന്നതുപോലെ റെനി പാവപ്പെട്ട കൂട്ടുകാരികളെ സഹായിച്ചിരുന്നു.

സ്വപ്ന ഓർമിച്ചു. എന്റെ ഏറ്റവും നല്ല കൂട്ടുകാരിയായിരുന്നല്ലോ റെനി. അവളെനിക്കു നൽകിയ വിലപ്പെട്ട സമ്മാനങ്ങളിതാ എന്നോടൊപ്പം. വീണ്ടും ഓർമകളിലേക്ക് ഊളിയിട്ടിറങ്ങി. തന്റെ ബാല്യകാലം അത്ര സുഖമകരമായിരുന്നില്ല. മധ്യപാനിയായ പിതാവ്- എന്നെയും ചേട്ടനെയും പട്ടിണിക്കിടാതിരിക്കാൻ പാടുപെടുന്ന അമ്മ. സ്കൂളിലലിടാൻ കീറാത്ത വസ്ത്രമില്ല, കഴിക്കാൻ

ഭക്ഷണമില്ല. ഇതിനെല്ലാം അധ്യാപകരും സുഹൃത്തുക്കളുമായിരുന്നു ആശ്രയം. കൂട്ടുകാരികൾ തുള്ളിച്ചാടി കളിക്കുമ്പോൾ എനിക്ക് കളിക്കാനും ചിരിക്കാനും കഴിഞ്ഞില്ല. തന്റെ ഇല്ലായ്മകളെ ഓർത്ത് നിരാശപ്പെടാൻ മാത്രമേ കഴിഞ്ഞുള്ളു. പഠിത്തം മതിയാക്കി അമ്മയെ സഹായിച്ചാലോ എന്ന് തോന്നിയിരുന്നു. ഒരു ജോലി സമ്പാദിക്കണമെന്നും അമ്മയെ സംരക്ഷിക്കണമെന്നും സ്വപ്ന ആഗ്രഹിച്ചു. തന്റെ മോഹം സഫലമാണെങ്കിൽ നന്നായി പഠിച്ചേ മതിയാകൂ എന്നു ചിന്തിച്ചു.

കോലേജിലെത്തി ; റെനി എന്നെ കൂട്ടികാരിയാക്കി. രണ്ടാളും മിടുക്കരായതുകൊണ്ടു തന്നെ ഓരോ വർഷവും നല്ല മാർക്കോടുകൂടി പാസ്സായി. രണ്ടാൾക്കും ഡോക്ടറാകാനായിരുന്നു ആഗ്രഹം. റെനിയുടെ സാമ്പത്തിക സഹായത്താൽ ഞാനും പഠിച്ചു. ഡോക്ടറായി..... വെടിക്കെട്ടോ...........???? കതകിൽ തട്ടുന്നതാണല്ലോ.......ആരാ.....??? എന്താ........???



മക്കളെ ഞാനാ ........ അന്നൂ....നീ ഉറങ്ങീലേ.........????

മണി 1 ഒന്നു കഴിഞ്ഞൂട്ടൊ. അയ്യോ... അപ്പൊ ഞാൻ സ്വപ്നം കാണുകയായിരുന്നല്ലെ. ഇല്ല ഞാൻ പഠിക്കും. ദൈവം എന്നെ കൈവിടില്ല. ഞാൻ ഡോക്ടറാകും.

.................................................................................

.................................................................................

**അഭിരാമി**



# കേരളമേ ജയ്

ഹരിതാഭമാർന്ന കൊച്ചു കേരളം
കൈകോർത്തുണർന്ന കൊച്ചു കേരളം
ഒത്തൊരുമിച്ച് കൊച്ചു കേരളം
'കൊച്ചുകേരളമേ ജയ് '!
കവി കോഗിലങ്ങൾ ഏറ്റുപാടി
നവ കേരളത്തിൻ കിളി ഒന്നുചൊല്ലി
ആശാന്റെ തത്ത പറന്നു വന്നെ -
ത്തെത്തിയതീ കൊച്ചു കേരളത്തിൽ

സോനാ .എസ് .ആർ



# ഹാൻസലും ഗ്രേറ്റലും



ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു മരം വെട്ടുകാരനും അദ്ദേഹത്തിന്റെ രണ്ടു മക്കളും രണ്ടാം ഭാര്യയും ജീവിച്ചിരുന്നു. മക്കളുടെ പേര് ഹാൻസലും ഗ്രേറ്റലും.രണ്ടാനമ്മ അവരെ ആദ്യം ഇഷ്ടമായിരുന്നു പിന്നെ പിന്നെ സ്വന്തം മക്കളല്ല എന്ന ചിന്ത അവളിൽ കുട്ടികളും ഇഷ്ടക്കേടായി. പക്ഷെ രണ്ടു കുട്ടികളുംവ അവരുടെ ഇളയമ്മയെ ഒരുപാട് സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തു. രണ്ടു കുട്ടികളുടെയും കാര്യത്തിൽ അവൾ എന്നും തന്റെ ഭർത്താവിനോട് വഴക്കാണ്.

അങ്ങനെയിരിക്കെ ഒരു ദിവസം അദ്ദേഹം മരക്കച്ചവടത്തിനായി ദൂരെ ഒരു ദേശത്തേക്ക് പോയി. ആ സമയം രണ്ടാനമ്മ കുട്ടികളോട് ബ്ലൂബറി പറിച്ചു തരാം, കാട്ടിലേക്കു പോകാം എന്നു പറഞ്ഞു. അവരെ കൊണ്ടുപോകാൻ തന്നെ തീരുമാനിച്ചു. ഇളയമ്മയുടെ സ്നേഹപ്രകടനത്തിൽ സംശയം തോന്നിയ ഹാൻസൽ രാത്രി കാലങ്ങളിൽ തിളങ്ങുന്ന വെള്ളാരം കല്ലുകൾ ശേഖരിച്ചു വച്ചു. പോയ വഴികളിലെല്ലാം

കല്ലുകൾ വാരി വിതറിക്കൊണ്ടു പോയി.



നേരം ഒരുപാട് വൈകി. കുട്ടികൾ രണ്ടാളും തളർന്നു. ഇളയമ്മക്ക് അവരോട് സ്നേഹം കൂടി. അവർ പറഞ്ഞു, നിങ്ങൾ എവിടെയിരിക്ക്, അമ്മ പോയി ബ്ലൂബെറി പറിച്ചിട്ടു വരാം. പാവം അതു വിശ്വസിച്ചു. നേരം ഒത്തിരിയായി. അമ്മയെ കാണാതെ കുട്ടികൾ സങ്കടപ്പെട്ടു. ഗ്രേറ്റൽ പേടിച്ചു കരയാൻ തുടങ്ങി. ഹാൻസൽ അവളെ ആശ്വസിപ്പിച്ചു. ഹാൻസൽ

അവളെ ആശ്വസിപ്പിച്ചു. ഹാൻസൽ തന്റെ അനിയത്തിയെയും വിളിച്ച് താൻ വെള്ളാരംകല്ല് വിതറിയ വഴിയെ പോകാം എന്നു പറഞ്ഞു. അവർ യാത്ര തുടർന്നു. എന്നാൽ ഇതു മനസ്സിലാക്കിയ ഇളയമ്മ വഴിമാറി കല്ലുകൾ വിതറി. പാവങ്ങൾ ആ ചതി അറിഞ്ഞില്ല. ആ വഴിയെ യാത്രതുടർന്ന കുട്ടികൾ നടന്ന് നടന്ന് അവർ ഒരു അത്ഭുതകരമായ വീട്ടിലെത്തിപ്പെട്ടു. ആ വീട് കേക്കും

ഐസ്ക്രീമും കൊണ്ട് നിർമിച്ചതായിരുന്നു.വിശന്ന് തളർന്ന് അവർ ആ വീട് കഴിക്കാൻ തുടങ്ങി അപ്പോഴേക്ക് ആ വീട്ടിൽ നിന്നും ഒരു

മുത്തശ്ശി ഇറങ്ങിവന്നു. അവർ പേടിച്ചു പോയി പക്ഷെ ആ മുത്തശ്ശി

സ്നേഹത്തോടെ അവരെ അകത്തേക്ക് വിളിച്ചു അവർക്ക്

ആവശ്യത്തിന് ഭക്ഷണം കൊടുത്തു അവർ തിരിച്ച് വീട്ടിലേക്ക് പോകാൻ ഇറങ്ങയതും ആ മുത്തശ്ശി തന്റെ മാന്ത്രിക ശക്തിയാൽ വാതിൽ അടച്ചും പൂട്ടി. അവരുടെ രൂപം മാറാൻ തുടങ്ങി അവൾ ഒരു മന്ത്രവാദിനിയായ രാക്ഷസിയായിമാറി. അവർ ഹാൻസലിലെ ഒരു കൂട്ടിലാക്കി ഗ്രേറ്റലിനെ കൊണ്ട് ജോലികൾ ചെയ്യിപ്പിച്ചു. ആ മന്ത്രവാദിനിയുടെ മനസ്സിലിരിപ്പ് അവൾ അറിഞ്ഞു ഹാൻസെലിനെ കഴിക്കാനായിരുന്നു. അവരുടെ തീരുമാനം ആ തീരുമാനമറിഞ്ഞ ഗ്രേറ്റൽ ഒരുപാട് പേടിച്ചു. തന്റെ സഹോദരനെ രക്ഷിക്കാൻ വഴിയന്വേഷിച്ചു ഗ്രേറ്റൽ നടന്നു. അടുത്ത ദിവസം വെള്ളം മന്ത്രവാദിനി ആവശ്യപ്പെട്ടു. വെള്ളം തിളപ്പിക്കുന്നതിനിടയിൽ ഗ്രേറ്റൽ മന്ത്രവാദിനിയെ തീയിലേക്ക് തള്ളിയിട്ടു എന്നിട്ട് ഗ്രേറ്റൽ ആ മന്ത്രവാദിനിയുടെ മാന്ത്രകവടിയെടുത്ത് ഹാൻസാലിനെ രക്ഷപ്പെടുത്തി .

കച്ചവടം കഴിഞ്ഞ് വീട്ടിലെത്തിയ അച്ഛൻ മക്കളെ അന്വേഷിച്ചു. രണ്ടാനമ്മ കരഞ്ഞും കൊണ്ട് നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞു. അവർ രണ്ടും പേരും കുട്ടികളെ അന്വേഷിച്ചു നടന്നു. കുട്ടികൾ തങ്ങളുടെ അച്ഛന്റെയും അമ്മയുടെയും ശബ്ദം കേട്ടു അവർക്ക് ഒത്തിരി സന്തോഷമായി അവർ പരസ്പ്പരം കണ്ടു പിന്നീട് അവർ സുഖമായി ജീവിച്ചു .

**ആർഷ**



# ജീവിത നൗക

നാളുകൾകടന്നുപോകവേ
സ്നേഹവുമടുപ്പവും കൂടിടുന്നുവോ
ആദ്യ കാഴ്ചയിലെ വികാരം
അതെവിടെ ? ഒന്നുമില്ലാതെ
രോഗിയായ് ശയ്യാവലംബിയായ്
അടിതെറ്റിയ കൊമ്പനായ
എങ്കിലും ജീവിക്കുന്നു ഞാൻ
സാന്ത്വന സ്പർശവുമായ് സ്നേഹമായ്
മകനെപ്പോൽ മാറോടണച്ച്
അസ്തമിക്കാത്ത പ്രാർത്ഥനകളുമായ്
മുജ്ജന്മ സുകൃതമോ പുണ്യമോ
എനിക്കായ് മാത്രമവൾ, ദേവാ-
പാഴ്വസ്തുവാണു ഞാനെങ്കിലും
ഊട്ടുന്നു ....ഉറക്കുന്നു എന്നേ....
ഞാൻ എത്ര ധന്യൻ എങ്കിലുമീ
ജീവിതമാം നൗക ഒറ്റക്കു തുഴഞ്ഞാൽ
തളരും വീഴും എന്നുടെ തോഴി
ഒരുങ്ങിക്കഴിഞ്ഞു ഞാൻ ദൈവമേ
ഏകണേയെൻ മുത്തിനൊരു ജീവിതം

ആർദ്ര .എസ്. ആർ
**VIII. C**

# ഞാൻ കണ്ട കാഴ്ച്ച

പാടവരമ്പത്ത് നിൽക്കവെ ഞാനൊന്ന്
വാടാത്ത പൂക്കളെ കണ്ടു നിന്നു
ശലഭങ്ങളേറെയും അവിടെ വന്നങ്ങനെ
പൂക്കളിൽ തേൻ നുകർന്നു നിന്നു
പിന്നെയും പിന്നെയും പൂമ്പാറ്റകൾ വന്ന്
മധു നുകർന്നിട്ടങ്ങ് പാറിപ്പോയി

ശലഭങ്ങളേറയും വന്നിട്ടവിടെ
വാടിയുണങ്ങിയ മുല്ല തൻ ചുണ്ടത്ത്
ഒറ്റ ശലഭം പോലും തലോടിയില്ല
കണ്ടു വിഷമിച്ച തേനീച്ചകളത്രോം
വാടിയ മുല്ലയിൽ മധു നുകർന്നു
പൂവിന്റെ ചുണ്ടിൽ മധു വിടർന്നു



സോന .
എസ് . ആർ
VIII .C

# നുറുങ്ങു കവിതകൾ

## 1.എന്റെ ഗ്രാമം

പുലരിയും പൂക്കളും മാടി വിളിക്കുന്ന
കൊച്ചു സുന്ദരിയാണെന്റെ ഗ്രാമം
കൊച്ചരുവിയും കാടും നൃത്തമാടുന്ന
കൂടെച്ചേരട്ടെ ഞാനുമെന്റനുജനും



## 2.ഉറുമ്പ്



ഉള്ള് നിറയെ കുസൃതി
കൊച്ചു ചോനനുറുമ്പ്
ആളെ കടിക്കാൻ ധൃതിയിൽ
ഓടിച്ചാടിയെവിടെയും

## 3.ചങ്ങാതി

ഞാനെവിടെയോ അവിടെ
ആപത്തിലും രോഗത്തിലും
സന്തോഷത്തിലും
സന്താപത്തിലും
എന്നുമെവിടെയുമെപ്പോഴും
കൂടെ കൂട്ടാമോ നിങ്ങൾക്കു-
മാ ചങ്ങാതി ദൈവത്തെ
കരയേണ്ടി വരില്ലൊരിക്കലും



## അമ്മ



സർവ്വസ്വമേഅമ്മേ.....

നീയില്ലെങ്കിൽ ഞാനില്ല

പ്രാണനനുംരക്തവും

മജ്ജയും മാംസവും

ശരീരവുമാത്മാവും

ആശയുമാദർശവും

എല്ലാമെല്ലാമെന്നെന്നും


കുട്ടികൾ വരച്ച ചിത്രങ്ങൾ




നിതിൻ .എസ്.എസ് 8 ബി




1.1.2019




നാദബ്രഹ്മം
സംഗീത
വിദ്യാലയം
BUS
STOP
പരസ്യം




LMS HIGHER SECONDARY SCHOOL


നന്ദി